"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പത്തനംതിട്ട ജില്ലയിലെ പൂവത്തൂർ സർവോദയ യു.പി സ്കൂളിൽ നിന്നും വി.ആർ.എസ് മുഖേന സേവനത്തിൽ നിന്നും വിരമിച്ച എൽ.ജി ഹിന്ദി അദ്ധ്യാപിക ശ്രീമതി. എൽ ഉമ-യുടെ 2019 ജൂലായ് മാസത്തെ ശമ്പളം മാറി നൽകുന്നതിന് പ്രത്യേക അനുമതി നൽകി - ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3378/2026/GEDN തീയതി,തിരുവനന്തപുരം, 18-05-2026

---

പരാമർശം:-

1. പത്തനംതിട്ട, പൂവത്തൂർ സർവോദയ യു.പി സ്കൂൾ പ്രധാനാദ്ധ്യാപികയുടെ 30.06.2025-ലെ അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10-09-2025, 23/02/2026 തീയതികളിലെ എഫ്3/ 16361/2025/ഡിജിഇ നമ്പർ കത്തുകൾ

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ പുല്ലാട് ഉപജില്ലയുടെ പരിധിയിലുള്ള പൂവത്തൂർ സർവോദയ യു.പി. സ്കൂളിൽ 2019 ജൂലൈ 31 വരെ സേവനമനുഷ്ഠിച്ചു വന്നിരുന്നതും, സർവീസിൽ നിന്നും വിരമിച്ച ജൂനിയർ ഹിന്ദി അധ്യാപികയുമായ ശ്രീമതി. ഉമ. എൽ, 07/06/2019 മുതൽ 10/07/2019 വരെ HPL ഉം 11/07/2019 മുതൽ 31/07/2019 വരെ ശൂന്യവേതന അവധിയുമെടുത്തിരുന്നുവെന്നും, ടി അദ്ധ്യാപികയ്ക്ക് 2019 ജൂൺ മാസത്തെ ശമ്പളം മാറി നൽകിയിരുന്നു, ജൂൺ - ജൂലൈ മാസങ്ങളിലായി HPL, LWA എടുത്തിരുന്നതിനാൽ LWA ൽ ആയിരുന്നു എന്ന് ധരിച്ച് ജൂലൈ 2019 ലെ 10 ദിവസത്തെ (01/07/2019 - 10/07/2019) ശമ്പളം എടുത്തുകൊടുക്കാൻ സാധിച്ചില്ലായെന്നും. ആയതിനാൽ ഈ അധ്യാപികയ്ക്ക് പ്രസ്തുത 10 ദിവസത്തെ HPL ശമ്പളം എടുത്തു കൊടുക്കുന്നതിന് ബില്ല് പ്രോസസ് ചെയ്ത് ട്രഷറിയിൽ നൽകിയപ്പോൾ ടി അധ്യാപിക വിരമിച്ചിട്ട് 5 വർഷം കഴിഞ്ഞതിനാൽ ഗവൺമെന്റിൽ നിന്ന് പ്രത്യേക സാങ്ഷൻ ആവശ്യമാണെന്ന് അറിയിക്കുകയുണ്ടായിയെന്നും, അതിനാൽ ടി അധ്യാപികയ്ക്ക് ഈ പത്ത് ദിവസത്തെ HPL ശമ്പളം അനുവദിച്ചു നൽകുന്നതിന് വേണ്ട അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, പ്രസ്തുത സ്കൂളിന്റെ പ്രധാനാദ്ധ്യാപികൻ സമർപ്പിച്ച പരാമർശം (1) അപേക്ഷയും അനുബന്ധ രേഖകളും തുടർ നടപടിക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) 10-09-2025 ലെ കത്ത് പ്രകാരം ശിപാർശ ചെയ്ത് സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ ശ്രീമതി. എൽ ഉമയ്ക്ക് 2019 ജൂലായ് മാസത്തെ 10

ദിവസത്തെ ശമ്പളം (01/07/2019-10/07/2019) മാറി നൽകുന്നതിന് കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56 (എ) പ്രകാരം പ്രത്യേക അനുമതി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അശ്വതി കെ

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുല്ലാട്.

പ്രധാനാദ്ധ്യാപിക, സർവ്വോദയ യു.പി. സ്കൂൾ, പൂവത്തൂർ പി.ഒ, ചെങ്ങന്നൂർ, പത്തനംതിട്ട - 689 531

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E-3306787/EDN-A3/356/2025-FIN, തീയതി.24/04/2026-കുറിപ്പ് പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 18-05-2026 15:05:48
സെക്ഷൻ ഓഫീസർ